**പതിമൂന്നാം കേരള നിയമസഭ**

# മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി
# (2014–2016)

## നാലാമത് റിപ്പോർട്ട്

**കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം അടിസ്ഥാനമാക്കി തയ്യാറാക്കിയ റിപ്പോർട്ട്**

(2014 ജൂലൈ 16-ാം തീയതി സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി (2014–2016)

**നാലാമത് റിപ്പോർട്ട്**

**കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം അടിസ്ഥാനമാക്കി തയ്യാറാക്കിയ റിപ്പോർട്ട്**

(2014 ജൂലൈ 16–ാം തീയതി സമർപ്പിച്ചത്)

1074/2014.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I | .. | 9 |
| അനുബന്ധം II | .. | 20 |

# സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ.

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, കെ. ദാസൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, എൻ. എ. നെല്ലിക്കുന്ന്
,, റ്റി. എൻ. പ്രതാപൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി
ശ്രീമതി ജി. സുമകുമാരി, ജോയിന്റ് സെക്രട്ടറി
,, കവിത ഉണ്ണിത്താൻ, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. ആർ. വേണുഗോപാൽ, അണ്ടർ സെക്രട്ടറി.

# റിപ്പോർട്ട്

1. കടലിലും ഉൾനാടൻ ജലാശയങ്ങളിലും മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ ഏറിയ പങ്കും ഇന്ന് വലിയ കടബാധ്യതയിൽ അകപ്പെട്ടിരിക്കുന്നു. മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനായി വിവിധ ഏജൻസികളിൽ നിന്നും ബാങ്കുകളിൽ നിന്നും വ്യക്തികളിൽ നിന്നും മറ്റും വർദ്ധിച്ച തോതിൽ കടം വാങ്ങുകയും ഉല്പാദന മാന്ദ്യവും വിലയിടിവും തൊഴിൽരാഹിത്യവും മദ്ധ്യവർത്തികളുടെ ചൂഷണവുംമൂലം കടം വീട്ടാനാകാത്ത സ്ഥിതിവിശേഷം വർഷങ്ങളായി നിലനില്ക്കുകയും തന്മൂലം അവരുടെ കടബാധ്യത വർദ്ധിച്ച് വരികയും ചെയ്യുന്നു.

2. അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ, കടലാക്രമണം, സുനാമി, കാലവർഷക്കെടുതി, മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന തൊഴിൽ നഷ്ടം, മത്സ്യബന്ധനോപകരണങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ മുതലായവ മൂലവും കടബാധ്യത വർദ്ധിക്കുകയും വർഷങ്ങളായി വാങ്ങിയ കടം പലിശസഹിതം തിരിച്ചടയ്ക്കാനാകാതെ മത്സ്യത്തൊഴിലാളികൾ കടക്കെണിയിൽ അകപ്പെടുകയും ചെയ്യുന്നു.

3. കടബാധ്യതമൂലം ദുരിതത്തിലാണ്ട മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര ആശ്വാസം നൽകുന്നതിനും അത്തരം മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും ന്യായനിർണ്ണയം നടത്തുന്നതിനും കടക്കാരായ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിന് ഉചിതമായ നടപടികൾ ശുപാർശ ചെയ്യുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുമായി 5-1-2009-ൽ രൂപവത്ക്കരിക്കപ്പെട്ടതാണ് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ.

4. 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ ആക്ടും ചട്ടങ്ങളും പ്രകാരം കടാശ്വാസത്തിനായി അപേക്ഷിക്കുന്ന മത്സ്യത്തൊഴിലാളികളുടെ അപേക്ഷ പരിശോധിച്ച് അർഹരായ മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം ശുപാർശ ചെയ്യുക എന്നതാണ് കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രധാന ചുമതല. ബന്ധപ്പെട്ട വായ്പാ അക്കൗണ്ടുകൾ പരിശോധിച്ച് കടാശ്വാസ തുക വകയിരുത്തുന്നത് വരെയുള്ള നടപടികൾ ഫിഷറീസ്, സഹകരണ വകുപ്പുകൾ സംയുക്തമായാണ് നിർവ്വഹിക്കുന്നത്.

5. ഇപ്രകാരമുള്ള വായ്പകളുമായി ബന്ധപ്പെട്ട് നിർദ്ദിഷ്ട മാതൃകയിൽ 31-6-2013 വരെ സമർപ്പിക്കപ്പെട്ട അപേക്ഷകളാണ് കടാശ്വാസത്തിനായി പരിഗണിക്കപ്പെടുന്നത്. 31-12-2007 വരെ വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവനനിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്കും വാണിജ്യേതര ആവശ്യങ്ങൾക്ക് വേണ്ടിയും മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വിവിധതരം വായ്പകൾക്കാണ് കടാശ്വാസത്തിനായി പരിഗണിക്കുന്നതിന് അർഹതയുള്ളത്. കടാശ്വാസ ആവശ്യത്തിനായി ഭർത്താവും ഭാര്യയുമടങ്ങുന്ന ഒരു കുടുംബത്തെ ഒരു യൂണിറ്റായാണ് പരിഗണിക്കുന്നത്.

6. മത്സ്യത്തൊഴിലാളി ക്ഷേമനിധി പാസ്സ്ബുക്ക്, റേഷൻകാർഡ്, അപേക്ഷകരുടെ വരുമാനം തുടങ്ങിയവയെല്ലാം പരിശോധിച്ച് ആയതിന്റെ അടിസ്ഥാനത്തിലാണ് കടാശ്വാസത്തിന് അർഹരായ മത്സ്യത്തൊഴിലാളികളെ നിശ്ചയിക്കുന്നത്. വ്യക്തിഗത അപേക്ഷകളിൽ മുതലിനത്തിൽ പരമാവധി 75,000 രൂപവരെ വരവ് വയ്ക്കുകയും പലിശയിനത്തിൽ 25% സർക്കാരും 75% സഹകരണ ബാങ്കുകളും വഹിക്കുകയും ചെയ്യുന്നു.

7. മത്സ്യത്തൊഴിലാളി സംഘങ്ങൾ, 1969-ലെ കേരള സഹകരണ സംഘം ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ/സഹകരണ ബാങ്കുകൾ, മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ടിലെ ഉത്തമർണ്ണ സ്ഥാപനങ്ങളുടെ ഗണത്തിൽ പെടുന്ന ഭാരതീയ സ്റ്റേറ്റ് ബാങ്ക്, അതിന്റെ സബ്സിഡിയറി ബാങ്കുകൾ, മറ്റു ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, ഇതര പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ, പണം കടം കൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന സ്വകാര്യ ഉത്തമർണ്ണന്മാർ എന്നിവിടങ്ങളിൽ നിന്നൊക്കെ വ്യത്യസ്ത ആവശ്യങ്ങൾക്ക് മത്സ്യത്തൊഴിലാളികൾ കടം എടുത്തിട്ടുണ്ട്. ഇവയ്ക്ക് മൂന്നു വിഭാഗങ്ങളായി വ്യത്യസ്ത രീതികളിലാണ് ആശ്വാസം നൽകുന്നത്.

8. ഇപ്രകാരം വിവിധങ്ങളായ ആവശ്യങ്ങൾക്ക് വിവിധ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പകളെ സംബന്ധിച്ച വിവരങ്ങളും ഒരേ ബാങ്കിൽ നിന്നും തന്നെ ഭാര്യയും ഭർത്താവും വെവ്വേറെ എടുത്ത കടവിവരങ്ങളും ഒരേ അപേക്ഷയിൽ തന്നെ രേഖപ്പെടുത്താൻ സൗകര്യം നൽകിയിട്ടുള്ളതിനാൽ, സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് ശാസ്ത്രീയവും പ്രായോഗികവുമായ മാർഗ്ഗമെന്ന നിലയിൽ വായ്പ നൽകിയ സ്ഥാപനങ്ങളെ തരംതിരിച്ച് മുൻഗണനാപ്രകാരം പരിഗണിക്കുകയാണ് കമ്മീഷൻ ചെയ്യുന്നത്.

9. മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിടം നിർമ്മിക്കുന്നതിനായി ലഭ്യമാക്കപ്പെട്ട ഹഡ്കോ ഭവനവായ്പകളും, മത്സ്യബന്ധന ഉപകരണങ്ങൾക്കായി നൽകപ്പെട്ട എൻ.സി.ഡി.സി. വായ്പകളുമാണ് കടാശ്വാസത്തിനായി ആദ്യഘട്ടത്തിൽ കമ്മീഷൻ പരിഗണിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ ശുപാർശ പ്രകാരം 9891 മത്സ്യത്തൊഴിലാളികളുടെ ഹഡ്കോ ഭവനവായ്പാ കുടിശ്ശികയും 46804 മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾവഴി 31-12-2007 വരെ വിതരണം ചെയ്ത എൻ.സി.ഡി.സി. വായ്പാ കുടിശ്ശികയും ചേർന്ന് 126,86,09,024 രൂപയുടെ ബാധ്യത സർക്കാർ പൂർണ്ണമായും ഏറ്റെടുത്ത് അവരെ ഋണ വിമുക്തരാക്കിയിട്ടുണ്ട്.

10. കമ്മീഷൻ മുമ്പാകെ സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിലെ ഭൂരിഭാഗം കടങ്ങളും സഹകരണ മേഖലയുമായി ബന്ധപ്പെട്ടതാണ്. ഇതിനുപുറമെ, മത്സ്യഫെഡ്, (എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി.), മത്സ്യത്തൊഴിലാളി സംഘങ്ങളുടെ തനത്ഫണ്ട് എന്നീ സ്രോതസ്സുകളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്ത കടങ്ങളെ അടുത്ത ഘട്ടത്തിൽ കമ്മീഷൻ കടാശ്വാസത്തിനായി പരിഗണിക്കുന്നു. അതോടൊപ്പം ദേശസാൽകൃത, ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നുള്ള കടങ്ങളെയും സർക്കാർ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള കടങ്ങളെയും കമ്മീഷൻ പരിഗണിച്ചിട്ടുണ്ട്.

11. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കാൻ നിശ്ചയിച്ച അവസാന തീയതിയായ 30-6-2013-ന് മുമ്പായി സമർപ്പിക്കപ്പെട്ട 129221 അപേക്ഷകൾ കമ്മീഷൻ രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ട സമയപരിധിക്കകം സമർപ്പിച്ചതും പോരായ്മകൾ ഉള്ളതിനാൽ രജിസ്റ്റർ ചെയ്യാതിരുന്നതുമായ അപേക്ഷകൾ പോരായ്മകൾ പരിഹരിക്കുന്ന മുറയ്ക്ക് രജിസ്റ്റർ ചെയ്യുന്നുമുണ്ട്. ഒരേ അപേക്ഷയിൽ ഒന്നിൽ കൂടുതൽ വായ്പകളെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്താനുള്ള അവസരങ്ങൾ നൽകിയതിനാൽ കമ്മീഷൻ പരിഗണിക്കേണ്ട വായ്പകളുടെ സംഖ്യ മേൽപ്പറഞ്ഞ അപേക്ഷകളുടെ എണ്ണത്തേക്കാളും വളരെ കൂടുതലാണ്. നാളിതുവരെ സംസ്ഥാനമൊട്ടാകെ ഒരു മത്സ്യത്തൊഴിലാളി കുടുംബത്തിന് മുതലിനത്തിൽ പരമാവധി 75,000 രൂപ എന്ന ക്രമത്തിൽ ആറ് റിപ്പോർട്ടുകളിലായി 66363 കടങ്ങളിൽ കടാശ്വാസത്തിനു അർഹത കണ്ടെത്തി സർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ വായ്പകളിന്മേൽ കടാശ്വാസമായി കടാശ്വാസ കമ്മീഷൻ നാളിതുവരെ സഹകരണ ബാങ്കുകൾ സഹകരണ സംഘങ്ങൾ, ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് നൽകാനായി 310,98,67,426 രൂപയുടെ ശുപാർശ ആറ് ഘട്ടങ്ങളിലായി സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 75,000 രൂപയിൽ കൂടുതൽ ഉള്ള കടസംഖ്യയും ഉൾപ്പെടും എന്നതിനാലും പലരും വായ്പ സ്ഥാപനങ്ങളുടെ നിർബന്ധത്തിന് വഴങ്ങിയോ അല്ലാതെയോ വായ്പ തിരിച്ചടച്ച് വായ്പാകണക്ക്, ഉത്തരവ് പാസാക്കിയ ശേഷവും അവസാനിപ്പിച്ചിട്ടുണ്ടാവും എന്നതിനാലും സർക്കാർ നൽകേണ്ട യഥാർത്ഥ തുക സഹകരണ വകുപ്പിന്റെ ആഡിറ്റിന് ശേഷമേ അറിയാൻ സാധിക്കുകയുള്ളു.

12. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി. എഫ്.ഡി.സി.), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി. എഫ്.സി.) എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഫണ്ടുപയോഗിച്ച് മത്സ്യഫെഡും തനതു ഫണ്ടുപയോഗിച്ച് മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളും മത്സ്യത്തൊഴിലാളി കൾക്ക് നൽകിയ വായ്പകളിന്മേൽ കടാശ്വാസം അനുവദിക്കുന്നതിന് 12.44 കോടി രൂപ മത്സ്യഫെഡിനും 1969-ലെ കേരള സഹകരണ സംഘം ആക്ട് പ്രകാരം പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങൾ/സഹകരണ ബാങ്കുകൾ എന്നിവിട ങ്ങളിൽ നിന്ന് വായ്പയെടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്ന തിന് 241.15 കോടി രൂപ സഹകരണ മേഖലയ്ക്കുമായി ആകെ 253.59 കോടി രൂപയ്ക്ക് 6-12-2010-ലെ സ.ഉ.(അച്ചടി) 91/10/മതുവ. നമ്പർ ഉത്തരവ് (അനുബന്ധം 1) പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

13. ഇതിൽ എൻ.എം.ഡി.എഫ്.സി., എൻ.ബി.സി.എഫ്.ഡി.സി., 1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ/സഹകരണ ബാങ്കുകൾ, മത്സ്യത്തൊഴിലാളി വികസന ക്ഷേമസഹകരണ സംഘങ്ങളുടെ തനതു ഫണ്ട് തുടങ്ങിയ സാമ്പത്തിക സ്രോതസ്സുകളിൽ നിന്ന് എടുത്തിട്ടുള്ള വായ്പകളിന്മേൽ അനുവദിച്ച കടാശ്വാസത്തിന് ആദ്യ ഗഡുവായി 100 കോടി രൂപ 1-3-2011-ലെ സ.ഉ. (സാധാ.) 221/11/മതുവ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുവദിച്ചിട്ടുണ്ട്.

14. 2013-14 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളി കടാശ്വാസവുമായി ബന്ധപ്പെട്ട ഉപധനാഭ്യർത്ഥന പ്രകാരം “2405-00-800-21-34” എന്ന ശീർഷകത്തിൽ 20 കോടി രൂപ സർക്കാർ വകയിരുത്തിയിരുന്നു. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ കടാശ്വാസം ശുപാർശ ചെയ്ത് പരിശോധന പൂർത്തിയായ അക്കൗണ്ടുകളുമായി ബന്ധപ്പെട്ട് കടാശ്വാസം അനുവദിക്കുന്നതിനായി സ.ഉ.(സാധാ.) നമ്പർ 989/2013 തീയതി 2-12-2013 പ്രകാരം 8,85,61,330 രൂപയും സ.ഉ.(സാധാ.) നമ്പർ 118/2014/ മതുവ. തീയതി 7-2-2014 പ്രകാരം 10,63,90,328 രൂപയും ഉൾപ്പെടെ ആകെ 19,49,51,658 രൂപ ഇതിനോടകം അനുവദിച്ചിട്ടുണ്ട്.

15. കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത കടങ്ങൾക്കായി 2008-09 മുതൽ 2014-15 വരെയായി 150.7 കോടി രൂപ സർക്കാർ അനുവദിക്കുകയുണ്ടായി. ഇതിൽ 4.60 കോടി രൂപ കടാശ്വാസ കമ്മീഷന്റെ ഭരണ ചെലവുകൾക്ക് അനുവദിച്ചു. മത്സ്യഫെഡ് മുഖേനയുള്ള കടങ്ങൾക്കായി 31.193 കോടി രൂപ മത്സ്യഫെഡിനും 113.56 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർക്കും അനുവദിച്ചു നൽകിയിട്ടുണ്ട്.

16. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി വിഭാവനം ചെയ്ത് നിലവിൽ വന്ന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശുപാർശപ്രകാരം കടലിലും ഉൾനാടൻ ജലാശയങ്ങളിലും മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന മത്സ്യത്തൊഴിലാളികൾ അവരുടെ ഭവനനിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങൽ, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്കുവേണ്ടി എടുത്ത വായ്പകളിൽ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കി കടാശ്വാസം അനുവദിക്കുന്നു. കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശ പ്രകാരം സർക്കാർ ഭീമമായ തുക അനുവദിച്ചിട്ടും തുകയുടെ വിതരണത്തിൽ അപാകതകളും കാലതാമസവും ഉണ്ടാകുന്നതായി വ്യാപകമായ പരാതി ഉള്ളതായി സമിതി കണ്ടെത്തിയിരിക്കുന്നു. കടാശ്വാസ കമ്മീഷൻ തീരുമാനമെടുത്ത് ഗവൺമെന്റിലേക്ക് അയച്ച ലിസ്റ്റിൻപ്രകാരം വൻതുക സർക്കാർ സഹകരണ ബാങ്കുകൾക്ക് നൽകിയിട്ടും സഹകരണ ബാങ്കുകളിൽ പലതും ഈ തുക കൃത്യമായി ഗുണഭോക്താവിന്റെ അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടില്ലാ എന്നും കടാശ്വാസ കമ്മീഷന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് ബാങ്കുകൾ പ്രവർത്തിക്കുന്നില്ലെന്നുമുള്ള നിരവധി പരാതികൾ സമിതിക്ക് ലഭിച്ചിട്ടുണ്ട്.

17. കൂടാതെ സ്വയംസഹായ സംഘങ്ങളിലെ അംഗങ്ങൾ എടുത്ത വായ്പയിൽ, അംഗങ്ങളെ മുഴുവൻ ഒറ്റ യൂണിറ്റായി കണക്കാക്കി യൂണിറ്റിന് ലഭിക്കാവുന്ന പരമാവധി കടാശ്വാസം മാത്രം അനുവദിക്കുന്ന പ്രവണത കണ്ടുവരുന്നു. ഉദാഹരണമായി 28 അംഗങ്ങളുള്ള ജലറാണി സ്വയംസഹായ സംഘം കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും 15 ലക്ഷം രൂപ വായ്പ എടുത്തതായും ടി അംഗങ്ങൾ ഓരോരുത്തർക്കും 50,000 രൂപ ബാദ്ധ്യത ഉണ്ടായിരുന്നതായും അതിൽ 35,109 രൂപ തിരിച്ചടയ്ക്കാനുള്ളപ്പോൾ അംഗങ്ങൾ കടാശ്വാസത്തിനായി വെവ്വേറെ അപേക്ഷകൾ സമർപ്പിക്കുകയും കമ്മീഷൻ അപേക്ഷകൾ പരിശോധിച്ച് 16 അപേക്ഷകരുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കടാശ്വാസം ശുപാർശ ചെയ്തിരുന്നു. ഇതിനെതിരെ സംഘത്തിലെ മുഴുവൻ അംഗങ്ങൾക്കും കടാശ്വാസം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഗ്രൂപ്പ് ലീഡറായ ശ്രീ. ബാബു. വി. വി. സമിതി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ

സമിതിയുടെ ക്രിയാത്മകവും സമയോചിതവുമായ ഇടപെടൽമൂലം സംഘത്തിലെ മുഴുവൻ അംഗങ്ങൾക്കും കടാശ്വാസം അനുവദിക്കുന്നതിന് കമ്മീഷൻ ശുപാർശ ചെയ്യുകയും ഇത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള ഗ്രൂപ്പുകളെ ഒറ്റ യൂണിറ്റായി കണക്കാക്കി യൂണിറ്റിന് അനുവദിക്കുന്ന പരമാവധി കടാശ്വാസം മാത്രമേ ലഭ്യമാക്കുന്നുള്ളൂ എന്ന് സമിതി കണ്ടെത്തി. സംസ്ഥാനത്തൊട്ടാകെ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്വയംസഹായ സംഘങ്ങൾ നിരവധിയുണ്ടെന്നും ഇത്തരത്തിൽ വ്യാപകമായ പരാതികൾ ഉയരുന്നു ണ്ടെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു.

18. മേൽവിഷയങ്ങൾ സംബന്ധിച്ച് അടിയന്തര പരിഹാരം കാണുന്നതിനായി സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുന്നതിന് തീരുമാനിക്കുകയും അതിൻപ്രകാരം 7-5-2014-ൽ മത്സ്യബന്ധന തുറമുഖം, സഹകരണം എന്നീ വകുപ്പ് മേധാവികളിൽ നിന്നും കടാശ്വാസ കമ്മീഷന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുത്തിരുന്നു. സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ കടാശ്വാസം അനുവദിക്കുന്നതിലും അത് അർഹരായ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിലും നിരവധി പോരായ്മകൾ സമിതി കണ്ടെത്തുകയും ഇതുമായി ബന്ധപ്പെട്ട് വളരെ അടിയന്തരമായ ഇടപെടൽ ആവശ്യമാണെന്ന് സമിതി വിലയിരുത്തുകയും ചെയ്തിരുന്നു.

19. കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം സംബന്ധിച്ചും കടാശ്വാസ തുക വിതരണം ചെയ്യുന്നതിലെ വിശദാംശം സംബന്ധിച്ചും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തിയതിനെ തുടർന്ന് സമിതി കണ്ടെത്തിയ നിരീക്ഷണങ്ങളും ആയതിന്റെ അടിസ്ഥാനത്തിലുള്ള ശുപാർശകളും ചുവടെ ചേർക്കുന്നു:

20. കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശ പ്രകാരം സർക്കാർ അനുവദിച്ച തുകയുടെ വിതരണത്തിൽ അപാകതയും കാലതാമസവും ഉണ്ടായിട്ടുളളതായി സമിതി വിലയിരുത്തുന്നു. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയിൻകീഴിൽ അർഹരായ വായ്പക്കാർക്ക് ആനുകൂല്യം അനുവദിച്ചു നൽകുന്നതി നായി സർക്കാർ സഹകരണ വകുപ്പിന് അനുവദിച്ച തുകയിൽ 93,27,39,289 രൂപ കടാശ്വാസ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് നൽകിയെങ്കിലും സഹകരണ ബാങ്കുകൾ പലതും ഈ തുക കൃത്യമായി ഉപഭോക്താവിന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടില്ലെന്നും കടാശ്വാസ കമ്മീഷൻ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടല്ല ബാങ്കുകൾ പ്രവർത്തിക്കുന്നതെന്നും സർക്കാർ, ബാങ്കുകൾക്ക് നൽകുന്ന തുകകൊണ്ട് കടക്കാരായ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ലായെന്നും സമിതി നിരീക്ഷിക്കുന്നു. ആകയാൽ മത്സ്യത്തൊഴിലാളി കടാശ്വാസ വിതരണത്തിനായി ബാങ്കുകൾക്ക് ലഭിക്കുന്ന തുക കൃത്യമായി അർഹരായ മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടിൽ നിക്ഷേപിച്ച് കടാശ്വാസത്തിന്റെ ഗുണഫലം മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21. കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിനായി ശുപാർശ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് മറ്റേതെങ്കിലും രീതിയിൽ കടാശ്വാസം ലഭിക്കുകയാണെങ്കിൽ കമ്മീഷൻ വിധിച്ച തുക അവർക്ക് നൽകാൻ കഴിയില്ലാ എന്ന രീതിയിൽ സഹകരണ വകുപ്പിന്റെ 30-6-2012-ലെ 31/2012-ാം നമ്പർ സർക്കുലറിലെ (അനുബന്ധം-2) 11-ാം ഖണ്ഡികയിൽ പരാമർശമുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇതുമൂലം നിരവധി അപേക്ഷകർക്ക് കടാശ്വാസം നിഷേധിക്കപ്പെടുന്നതായും സമിതിക്ക് ബോധ്യപ്പെട്ടു.

22. എൻ.എം.ഡി.എഫ്.സി., എൻ.ബി.സി.എഫ്.ഡി.സി. എന്നിവയിൽ നിന്ന് മത്സ്യഫെഡ് വഴിയും സഹകരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകളിൽ കടാശ്വാസം അനുവദിച്ചുകൊണ്ട് മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ് പുറപ്പെടുവിച്ച 6-12-2010-ലെ 91/2010/മ.തു.വ. നമ്പർ സർക്കാർ ഉത്തരവിലെ 10-ാം ഖണ്ഡികയെ അടിസ്ഥാനമാക്കിയാണ് സഹകരണ വകുപ്പിന്റെ പ്രസ്തുത സർക്കുലറിൽ ഇപ്രകാരം ഒരു പരാമർശം വന്നതെന്നും സമിതി കണ്ടെത്തി. 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ ആക്ടും ചട്ടങ്ങളും നടപ്പിൽവരുത്തുന്നതിനായി മത്സ്യബന്ധന തുറമുഖ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിലെ 10-ാം ഖണ്ഡികയും സഹകരണ വകുപ്പിന്റെ 30-6-2012-ലെ സർക്കുലറിലെ 11-ാം ഖണ്ഡികയും ടി ആക്ടിന്റെ ലക്ഷ്യത്തിന് വിരുദ്ധമാണെന്ന് സമിതി കണ്ടെത്തി. ആയതിനാൽ പ്രസ്തുത സർക്കാർ ഉത്തരവിലെ 10-ാം ഖണ്ഡികയ്ക്കും സഹകരണ വകുപ്പിന്റെ സർക്കുലറിലെ 11-ാം ഖണ്ഡികയ്ക്കും ആവശ്യമായ തിരുത്തലുകൾ വരുത്തി പരിഷ്ക്കരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നും മേൽ ഉത്തരവ്/ സർക്കുലർ പ്രകാരം കടാശ്വാസം നിഷേധിക്കപ്പെട്ടവർക്ക് കേസ്സുകൾ പുനഃപരിശോധിച്ച് അർഹമായ തുക കടാശ്വാസമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

23. മത്സ്യത്തൊഴിലാളികളുടെ കടാശ്വാസത്തിനായി ഭീമമായ തുക സർക്കാർ അനുവദിച്ചിട്ടും വേണ്ടത്ര പ്രയോജനം അവർക്ക് ലഭിക്കുന്നില്ല എന്നും മത്സ്യത്തൊഴിലാളികളുടെ വായ്പകൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടും ബാങ്കുകൾ ജപ്തിനടപടികളുമായി മുന്നോട്ടു പോകുന്നുണ്ടെന്നുമുള്ള വ്യാപകമായ പരാതി സമിതിക്ക് ലഭിച്ചിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് വായ്പ നൽകുന്നതിനായി, ഹൗസിംഗ് ഫെഡറേഷൻ, ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും വായ്പ എടുത്ത തുകയാണ് ഉപയോഗിക്കുന്നതെന്നും വായ്പ തിരിച്ചടയ്ക്കുന്നതിന് ഈ സ്ഥാപനങ്ങൾ അധികം കാലതാമസം അനുവദിക്കുന്നില്ലെന്നും ആയത് പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നതുകൊണ്ടാണ് ജപ്തി നടപടികളുമായി മുന്നോട്ടു പോകുന്നതെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ കടാശ്വാസ കമ്മീഷന് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാകുന്നതുവരെ മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുമ്പോൾത്തന്നെ ലോൺ തുക തിരിച്ചടയ്ക്കുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സാവകാശം ലഭിക്കുന്നതിനായി ഹൗസിംഗ് ഫെഡറേഷന്റെയും ഇതര ധനകാര്യ സ്ഥാപനങ്ങളുടെയും യോഗം വിളിച്ച് ചേർക്കേണ്ടതും വായ്പാ തിരിച്ചടവിന് സാവകാശം ലഭ്യമാക്കുന്നതിനും പലിശ/പിഴപ്പലിശ എന്നീ കാര്യങ്ങളിൽ ക്രിയാത്മകമായ തീരുമാനമുണ്ടാകുന്നതിനും നടപടി സ്വീകരിക്കണമെന്നും മോറട്ടോറിയം പ്രഖ്യാപിച്ചതിനുശേഷവും ജപ്തി നടപടികളുമായി മുന്നോട്ടുപോകുന്ന ബാങ്കുകൾ പ്രസ്തുത നടപടിയിൽ നിന്ന് പിൻതിരിയണമെന്ന് സഹകരണ വകുപ്പ് കർശന നിർദ്ദേശം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

24. കടാശ്വാസ കമ്മീഷൻ കടാശ്വാസം ശുപാർശ ചെയ്ത് വകുപ്പിലേക്ക് അയയ്ക്കുന്ന ലിസ്റ്റിൽ വീണ്ടും സഹകരണ വകുപ്പ് വെരിഫിക്കേഷൻ നടത്തുന്നതിനാൽ കടാശ്വാസ വിതരണത്തിൽ കാലതാമസം വരുന്നതായി സമിതി വിലയിരുത്തി. കടാശ്വാസ നിയമമനുസരിച്ച് കടാശ്വാസം നിശ്ചയിക്കുന്നതിനുള്ള അധികാരം കടാശ്വാസ കമ്മീഷനാണ് എന്നതിനാൽ സഹകരണ വകുപ്പ് വീണ്ടും പരിശോധന നടത്തുന്നത് അഭികാമ്യമല്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. കടാശ്വാസത്തിന് അർഹതയുണ്ടെന്ന് കമ്മീഷൻ തീർപ്പു കല്പിച്ച അപേക്ഷകളിൽ കൃത്യത ഇല്ലെന്നുള്ള നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ലിസ്റ്റ് പുനഃപരിശോധിക്കുന്നതിന് പ്രത്യേകം ആഡിറ്റ് സിസ്റ്റം ഏർപ്പെടുത്തി സഹകരണ വകുപ്പ് അന്വേഷണം നടത്തുന്നത് തുക അനുവദിച്ചശേഷം കടാശ്വാസം മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടാക്കുന്നു. ഇത്തരത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി കമ്മീഷൻ കടാശ്വാസത്തിനായി ശുപാർശ ചെയ്യേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കുമ്പോൾത്തന്നെ പ്രാഥമിക സഹകരണ സംഘം/ബാങ്ക് പ്രതിനിധികളെ കൂടി കമ്മീഷൻ സിറ്റിംഗിൽ ഉൾപ്പെടുത്തി അപേക്ഷയിലെ വിവരങ്ങളുടെ കൃത്യത ഉറപ്പാക്കി ലിസ്റ്റ് തയ്യാറാക്കേണ്ടതാണെന്നും തുടർന്ന് സഹകരണ വകുപ്പ് നടത്തുന്ന പുനഃപരിശോധനാ സംവിധാനം ഒഴിവാക്കേണ്ടതുമാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

25. കടാശ്വാസ കമ്മീഷൻ അർഹതയുള്ളതാണെന്ന് കണ്ടെത്തി കടാശ്വാസം വിധിക്കുന്ന അപേക്ഷകർ ജപ്തി നടപടി ഭയന്ന് ബാങ്കിൽ വായ്പ തുക അടയ്ക്കുകയാണെങ്കിൽ അത്തരക്കാർക്ക് കടാശ്വാസ കമ്മീഷൻ വിധിച്ച തുക നൽകുന്നതിന് നിയമത്തിൽ വ്യവസ്ഥയില്ല എന്നും കടാശ്വാസ കമ്മീഷന്റെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ആളുകൾ ബാങ്കുകളുടെയോ മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയോ നിർബന്ധത്തിന് വഴങ്ങി കടം പൂർണ്ണമായി അടച്ചിട്ടുണ്ടെങ്കിൽ കൂടി അത്തരം കേസ്സുകളിൽ ബന്ധപ്പെട്ട അപേക്ഷകന്/ഗുണഭോക്താവിന് കടാശ്വാസ തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണെന്നും സമിതി മനസ്സിലാക്കുന്നു. ആകയാൽ കടാശ്വാസത്തിന് അർഹരായി കടാശ്വാസ കമ്മീഷന്റെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും അവർ ഭാഗികമായോ പൂർണ്ണമായോ കടം അടച്ച് തീർത്തിട്ടുണ്ടെങ്കിൽപോലും, അർഹമായ കടാശ്വാസം ലഭ്യമാക്കുന്നതിനായി അടിയന്തരമായി നിയമത്തിൽ ഭേദഗതി വരുത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

26. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം കടാശ്വാസത്തിന് അപേക്ഷ സമർപ്പിക്കുവാൻ നിശ്ചയിച്ച അവസാന തീയതിയായ 30-6-2013-ന് മുമ്പായി സമർപ്പിക്കപ്പെട്ട 129221 അപേക്ഷകളിൽ 62904 അപേക്ഷകൾക്ക് മാത്രമാണ് തീർപ്പ് കൽപ്പിച്ചതായി കാണുന്നത്. നിലവിൽ കമ്മീഷന്റെ കാലാവധി 2015 മാർച്ച്വരെ ആകയാൽ അർഹരായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും കമ്മീഷന്റെ കാലാവധിക്ക് മുമ്പ് കടാശ്വാസം അനുവദിച്ചു നൽകുന്നതിനായി കമ്മീഷൻ ആവശ്യമെങ്കിൽ ജില്ലാ അടിസ്ഥാനത്തിൽ ബഞ്ചുകൾ രൂപീകരിച്ച് എല്ലാ ദിവസവും സിറ്റിംഗ് നടത്തേണ്ടതും നടപടിക്രമം ത്വരിതപ്പെടുത്തേണ്ടതുമാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

27. കടാശ്വാസ കമ്മീഷൻ തീർപ്പ് കല്പിച്ച കേസുകളിൽ നഷ്ടപരിഹാരം നൽകുന്നതിന് സർക്കാരിൽ നിന്നും മതിയായ ഫണ്ട് ലഭിക്കുന്നില്ലാ എന്ന് സമിതി നിരീക്ഷിക്കുന്നു. ഇതുവരെ കടാശ്വാസ കമ്മീഷൻ വിധിച്ച 285 കോടി രൂപയിൽ 149 കോടി രൂപ മാത്രമേ സർക്കാരിൽ നിന്നും ലഭ്യമായിട്ടുള്ളുവെന്നും നടപ്പുവർഷം കമ്മീഷൻ 150 കോടി രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 20 കോടി രൂപ മാത്രമേ അനുവദിച്ചിട്ടുള്ളുവെന്ന് കാണുന്നു. കൂടാതെ പൊതുമേഖലാ ബാങ്കുകൾ, ഇതര ഷെഡ്യൂൾഡ് ബാങ്കുകൾ എന്നിവയിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകൾക്കുകൂടി കടാശ്വാസം അനുവദിച്ച് ഉത്തരവായതായും ഈ മേഖലയിൽ കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിൽ ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്കുകൂടി കടാശ്വാസം അനുവദിക്കുന്നതിനായി ഭീമമായ തുക ആവശ്യമായി വരുന്നു. ആയതിനാൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള കടാശ്വാസം നൽകുന്നതിന് മതിയായ തുക അനുവദിക്കാൻ ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

28. കടാശ്വാസ വിതരണത്തിനായി സർക്കാരിൽ നിന്നും ലഭ്യമായ തുക മുഴുവൻ മത്സ്യഫെഡ് വിതരണം ചെയ്തു കഴിഞ്ഞുവെന്നും 8 കോടി രൂപയോളം ഇതിനായി ആവശ്യമുണ്ടെന്നും ആയതിനായി സർക്കാരിലേക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. TRP ഫണ്ടിൽ ശേഷിക്കുന്ന തുകയിൽ പരമാവധി തുക കടാശ്വാസത്തിനായി മത്സ്യഫെഡിന് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

29. സ്വയംസഹായ സംഘങ്ങളിലെ അംഗങ്ങൾ കടാശ്വാസത്തിനായി അപേക്ഷിക്കുമ്പോൾ സംഘത്തെ ഒറ്റ യൂണിറ്റായി പരിഗണിക്കാതെ ഓരോ അംഗത്തെയും പ്രത്യേക യൂണിറ്റായി പരിഗണിച്ച് അർഹതയ്ക്കനുസൃതമായി കടാശ്വാസം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ഖണ്ഡിക 17-ൽ പറഞ്ഞിരിക്കുന്ന കോഴിക്കോട് കൊയിലാണ്ടിയിലെ ജലറാണി സ്വയംസഹായ സഹകരണ സംഘത്തിലെ അംഗങ്ങൾക്ക് കമ്മീഷൻ ശുപാർശ ചെയ്ത കടാശ്വാസം അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

30. അർഹരായ മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം ലഭ്യമാക്കുന്നതിൽ വകുപ്പുകൾ തമ്മിൽ ഏകോപനമില്ല എന്ന് സമിതി വിലയിരുത്തുന്നു. ഒരേ വിഷയത്തിൽ തന്നെ മത്സ്യബന്ധന തുറമുഖ വകുപ്പും സഹകരണ വകുപ്പും വ്യത്യസ്ഥ മാനദണ്ഡങ്ങൾ സ്വീകരിക്കുന്നതായി കാണുന്നു. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി നിലകൊള്ളുന്ന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങളിൽ മത്സ്യബന്ധന തുറമുഖ വകുപ്പും സഹകരണ വകുപ്പും ഏകോപിച്ച് പ്രവർത്തിക്കണമെന്നും കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നതിന് മത്സ്യത്തൊഴിലാളികളുമായും അവരുടെ പ്രശ്നങ്ങളുമായും ഏറെ ബന്ധമുള്ള മത്സ്യബന്ധന തുറമുഖ വകുപ്പിനെ ചുമതലപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ഡൊമിനിക് പ്രസന്റേഷൻ,

*ചെയർമാൻ,*
*മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ജൂലൈ 16.

അനുബന്ധം I

# കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന-തുറമുഖ വകുപ്പ്—മത്സ്യത്തൊഴിലാളി കടാശ്വാസം—കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശകൾ—എൻ.എം.ഡി.എഫ്.സി., എൻ.ബി.സി.എഫ്.ഡി.സി. എന്നിവയിൽ നിന്ന് മത്സ്യഫെഡ് വഴിയും സഹകരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽനിന്നും മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകളിൽ കടാശ്വാസം അനുവദിച്ച്—ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## മത്സ്യബന്ധന-തുറമുഖ (ബി) വകുപ്പ്

സ. ഉ. (പി) നമ്പർ 91/2010/മതുവ. തിരുവനന്തപുരം, 2010 ഡിസംബർ 6.

---

പരാമർശം:—1. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ 2-ാം നമ്പർ റിപ്പോർട്ടിലെ ശുപാർശകൾ.

2. മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടറുടെ 10-11-2010-ലെ മത്സ്യഫെഡ്/പി2/5011/07 നമ്പർ കത്ത്.

3. ഫിഷറീസ് ഡയറക്ടറുടെ 27-11-2010-ലെ ഡി2/10703/07 നമ്പർ കത്ത്.

## ഉത്തരവ്

ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി.), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി.), 1969-ലെ കേരള സഹകരണ സംഘം ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ/സഹകരണ ബാങ്കുകൾ, മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘങ്ങളുടെ തനത് ഫണ്ട് തുടങ്ങിയ സാമ്പത്തിക സ്രോതസ്സുകളിൽ നിന്ന് മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകളിന്മേൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിക്കുന്നതു സംബന്ധിച്ച് രണ്ട് റിപ്പോർട്ടുകൾ പരാമർശം (1) പ്രകാരം കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.

2. റിപ്പോർട്ടിലെ ശുപാർശകൾ താഴെപ്പറയുന്നു:

2 (i) 1969-ലെ സഹകരണ സംഘം നിയമത്തിനുകീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽനിന്ന് വായ്പ നേടിയ മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിക്കുന്നത് സംബന്ധിച്ച ശുപാർശകൾ:

(1) കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ പൊതുഖജനാവിൽ നിന്നും സർക്കാർ നൽകുന്ന കടാശ്വാസത്തിനെ ഇതിനുശേഷം പരാമർശിക്കപ്പെടുന്നത് 'കടാശ്വാസ തുക' എന്നായിരിക്കും.

(2) മത്സ്യത്തൊഴിലാളികളുടെ ഭാര്യ, കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ടിലെ 'മത്സ്യത്തൊഴിലാളി' എന്ന പദത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നില്ലെങ്കിലും ഭാര്യമാരുടെ കടബാദ്ധ്യതയും മത്സ്യത്തൊഴിലാളിയുടെ വിധവയ്ക്കെന്നുള്ളതുപോലെ കടാശ്വാസത്തിനായി പരിഗണിക്കേണ്ടതാണ്. ഈ അടിസ്ഥാനത്തിലാണ് കടാശ്വാസത്തിനുള്ള അർഹത കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളത്.

(3) 'കടം' എന്ന പദംകൊണ്ട് ഇവിടെ വിവക്ഷിക്കുന്നത് ഒരു മത്സ്യത്തൊഴിലാളി കടക്കാരന്റെ നിലവിലുള്ളതും ടി നിയമത്തിന്റെ പരിധിയിൽ വരുന്നതുമായ വായ്പയുമായോ വായ്പകളുമായോ ബന്ധപ്പെട്ട കുടിശ്ശിക ബാദ്ധ്യത മാത്രമല്ല, അതിലുപരിയായി കടക്കാരൻ പണമായി കൊടുത്തുതീർക്കാൻ ബാദ്ധ്യസ്ഥനായതും നിലവിലുള്ള ടിയാന്റെ ബാദ്ധ്യതകൾ പൂർണ്ണമായും ഇല്ലായ്മ ചെയ്യാൻ ആവശ്യമായതുമായ മൊത്തം സംഖ്യയും കൂടിയാണ്.

(4) ഒരു കുടുംബത്തിലെ ഭർത്താവായ മത്സ്യത്തൊഴിലാളിയും, ടിയാന്റെ ഭാര്യയും കടക്കാരാണെങ്കിൽ, അവർ രണ്ടുപേരെയും കടാശ്വാസം നൽകേണ്ട ആവശ്യത്തിനുവേണ്ടി ഒരു യൂണിറ്റായി കണക്കാക്കേണ്ടതാണ്. ടി യൂണിറ്റിന് നൽകേണ്ട കടാശ്വാസ തുക ഒരു വ്യക്തിക്ക് അർഹതപ്പെട്ട പരമാവധി കടാശ്വാസ തുകയേക്കാൾ കൂടുതലാകരുത്.

(5) ഒരു വ്യക്തിയുടെയോ യൂണിറ്റിന്റെയോ കടം എത്രതന്നെയായാലും, ആക്ടിലെ 5(3) വകുപ്പിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിക്കേണ്ട പരമാവധി കടാശ്വാസ തുക 75,000 (എഴുപത്തി അയ്യായിരം) രൂപയായിരിക്കേണ്ടതാണെന്ന് 5(1) വകുപ്പിലെ (എഫ്), (ജി) എന്നീ ഖണ്ഡങ്ങൾ പ്രകാരമുള്ള അധികാരം വിനിയോഗിച്ച് കമ്മീഷൻ ശുപാർശ ചെയ്യുന്നു. മത്സ്യഫെഡിൽ നിന്നും മത്സ്യത്തൊഴിലാളി സംഘങ്ങളിൽ നിന്നും നൽകിയ കടങ്ങളെ സംബന്ധിച്ച് ഇതിനകം ഉത്തരവായതും തുടർന്ന് ഉത്തരവാകുന്നതുമായ കടാശ്വാസം മുകളിൽ പറഞ്ഞ കടാശ്വാസ തുകയുടെ ആനുകൂല്യം നൽകുമ്പോൾ കണക്കാക്കേണ്ടതില്ല.

(6) മേൽപ്രകാരം അനുവദിക്കുന്ന കടാശ്വാസ തുക, ശുപാർശ ചെയ്യപ്പെട്ട വ്യക്തിയുടെ ബന്ധപ്പെട്ട അക്കൗണ്ടിൽ വകയിരുത്തേണ്ടതാണ്.

(7) ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾ പലിശയും പിഴപ്പലിശയും പൂർണ്ണമായും ഒഴിവാക്കേണ്ടതും അസ്സൽ മുതലിൽ ബാക്കിയുള്ള സംഖ്യ മാത്രം കടമായി കണക്കാക്കേണ്ടതുമാണ്.

(8) ഒരു മത്സ്യത്തൊഴിലാളിക്ക് അനുവദിച്ച വായ്പയുടെ അസ്സൽ മുതലിന് തുല്യമായ സംഖ്യയും അതിനുപുറമെ ടി സംഖ്യയുടെ പകുതിയെങ്കിലും വരുന്ന സംഖ്യയും തിരിച്ചടച്ചിട്ടുണ്ടെങ്കിൽ, ടിയാൻ വായ്പ പൂർണ്ണമായും അടച്ചു തീർത്തതായി കണക്കാക്കി ബന്ധപ്പെട്ട സ്ഥാപനം അക്കൗണ്ട് ക്ലോസ് ചെയ്ത് വായ്പക്കാരനെ ഋണവിമുക്തനാക്കേണ്ടതാണ്.

(9) മേൽ വ്യവസ്ഥകളിൽ എന്തുതന്നെ പറഞ്ഞിരുന്നാലും, മത്സ്യത്തൊഴിലാളികൾ 1995 ഡിസംബർ 31 വരെ എടുത്തിട്ടുള്ള കടങ്ങൾക്ക് 50% (അൻപത് ശതമാനം) എങ്കിലുമോ, 1996 ജനുവരി 1 മുതൽ 2000 ഡിസംബർ 31 വരെ എടുത്തിട്ടുള്ള കടങ്ങൾക്ക് 75% (എഴുപത്തിയഞ്ച് ശതമാനം) എങ്കിലുമോ തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ടി ബാദ്ധ്യതകളിൽ നിന്നും കടക്കാരെ സഹകരണ ബാങ്കുകൾ പൂർണ്ണമായും ഒഴിവാക്കി അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

(10) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് അനുവദിച്ചിട്ടുള്ള കടാശ്വാസമോ, കേന്ദ്ര-സംസ്ഥാന കാർഷിക കടാശ്വാസമോ മറ്റേതെങ്കിലും കടാശ്വാസ പദ്ധതി പ്രകാരമോ ആനുകൂല്യം ലഭിച്ച കടക്കാർക്ക് തത്തുല്യമായ തുകയ്ക്ക് മത്സ്യത്തൊഴിലാളി കടാശ്വാസം നൽകേണ്ടതില്ല. ഇപ്രകാരമുള്ള ആനുകൂല്യം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പ്രസക്തമായ വിവരം കടക്കാരൻ ഫിഷറീസ് ഡയറക്ടറെ രേഖാമൂലം അറിയിക്കേണ്ടതും ഇതു സംബന്ധിച്ച വസ്തുതകൾ ഫിഷറീസ് വകുപ്പ് പരിശോധിക്കേണ്ടതുമാണ്. മറ്റു കടാശ്വാസ പദ്ധതികളുടെ ആനുകൂല്യം ലഭിച്ചിട്ടില്ലാത്ത കടക്കാർ ടി വസ്തുത ഒരു സത്യവാങ്മൂലം മുഖേന ഫിഷറീസ് വകുപ്പിനെയും വായ്പ നൽകിയ സ്ഥാപനത്തെയും ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

(11) ഒന്നിൽ കൂടുതൽ വായ്പകളെടുത്തിട്ടുള്ളവരുടെ കാര്യത്തിൽ, വായ്പ അനുവദിച്ച തീയതിയുടെ മുൻഗണനാക്രമത്തിൽ അതാത് സഹകരണ സ്ഥാപനങ്ങളുടെ ബന്ധപ്പെട്ട അക്കൗണ്ടിൽ കടാശ്വാസ തുക വകയിരുത്തേണ്ടതാണ്. ഒരേ തീയതിയിൽ ഒരു വ്യക്തി ഒന്നിൽകൂടുതൽ സ്ഥാപനങ്ങളിൽ നിന്നും കടാശ്വാസത്തിന് അർഹതപ്പെട്ട വായ്പ എടുത്തിട്ടുണ്ടെങ്കിൽ, ബാദ്ധ്യതകളിൽ ഏത് വായ്പക്കാണ് മുൻഗണന നൽകേണ്ടതെന്ന് അഭിപ്രായപ്പെടാനുള്ള സ്വാതന്ത്ര്യം ടി വ്യക്തിക്ക് നൽകാവുന്നതാണ്.

(12) പരമാവധി കടാശ്വാസ തുക വകയിരുത്തിയിട്ടും കടത്തിൽ നിന്നും പൂർണ്ണമായ മോചനം കിട്ടാത്തവർക്ക്, അവശേഷിക്കുന്ന കടം വീട്ടാൻ കടക്കാരനും വായ്പ നൽകിയ സ്ഥാപനങ്ങൾക്കും സ്വീകാര്യമായ വിധത്തിൽ ഗഡുക്കൾ അനുവദിച്ചുകൊടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർക്കാരിന്റെ ഇടപെടൽ പ്രയോജനകരമായിരിക്കും.

(13) സഹകരണ സ്ഥാപനങ്ങളിലെ കടബാധ്യതകൾ തീർത്ത ശേഷം കടാശ്വാസ തുകയിൽ മിച്ചമുണ്ടെങ്കിൽ അപ്രകാരമുള്ള തുക ഇതര ഷെഡ്യൂൾഡ് ബാങ്കുകളിലെയും ധനകാര്യ സ്ഥാപനങ്ങളിലെയും കടങ്ങൾ വീട്ടാൻ വിനിയോഗിക്കേണ്ടതാണ്.

(14) കടാശ്വാസ തുക കടക്കാരന്റെ പേരിലുള്ള അക്കൗണ്ടിൽ ബന്ധപ്പെട്ട സ്ഥാപനം വരവ് വയ്ക്കുന്നതിനുമുമ്പായി ടി അക്കൗണ്ടിലെ അസ്സൽ മുതൽ, കൃത്യമായും സത്യമായും തയ്യാറാക്കിയതാണെന്നും അതിൽ പലിശ മുതലായവ കൂട്ടിച്ചേർത്തിട്ടില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്. സംഘങ്ങളും ബാങ്കുകളും അവരവരുടെ സ്റ്റേറ്റ്മെന്റുകൾവഴി കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ കണക്കുകളെ ഉത്തമ വിശ്വാസത്തിൽ ആശ്രയിച്ചാണ് കമ്മീഷൻ അനുബന്ധ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. രണ്ടായിരത്തി മുന്നൂറോളം വരുന്ന വായ്പാ സംഘങ്ങളുടെ/ബാങ്കുകളുടെ അക്കൗണ്ടുകൾ പരിശോധിച്ച് നിജസ്ഥിതി മനസ്സിലാക്കേണ്ട ചുമതല, അതിനാവശ്യമായ സംവിധാനങ്ങൾ കമ്മീഷന് ഇല്ലാത്തതിനാൽ, ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ മേൽനോട്ടത്തിൽ നിർവ്വഹിക്കുന്നത് ഉചിതവും ഫലപ്രദവുമായിരിക്കും.

(15) കടാശ്വാസതുക മത്സ്യത്തൊഴിലാളിയുടെ വായ്പയെയോ വായ്പകളെയോ പൂർണ്ണമായി ഇല്ലായ്മ ചെയ്യുന്നതാണെങ്കിൽ ടി അക്കൗണ്ട് ക്ലോസ് ചെയ്ത വിവരം സ്ഥാപനങ്ങൾ കടക്കാരനെയും സർക്കാരിനെയും അറിയിക്കേണ്ടതാണ്.

(16) ബാധ്യത പൂർണ്ണമായി തീർക്കുന്നതിന് കടാശ്വാസതുക അപര്യാപ്തമാകുന്ന സന്ദർഭങ്ങളിൽ, അവശേഷിക്കുന്ന സംഖ്യ കടാശ്വാസതുകയോടൊപ്പം സ്വന്തം കൈയിൽനിന്നും കൊടുത്തുതീർത്ത് അക്കൗണ്ട് ക്ലോസ് ചെയ്യാനുള്ള സ്വാതന്ത്ര്യം കടക്കാരനുണ്ടായിരിക്കുന്നതാണ്. ഇപ്രകാരം അക്കൗണ്ട് ക്ലോസ് ചെയ്യുമ്പോൾ ഭാവിയിൽ തവണകളായി കടക്കാരൻ കൊടുത്തു തീർക്കേണ്ട അസ്സൽ മുതലിന് പലിശ ഈടാക്കാൻ പാടില്ലാത്തതാണ്. എന്തെന്നാൽ മുൻകൂറായി ലഭിക്കുന്ന അസ്സൽ മുതലിന്റെയും കമ്മീഷൻ അവസാനിപ്പിക്കുന്നതിന്റെയും പ്രയോജനം സ്ഥാപനങ്ങൾ ഏകപക്ഷീയമായി അനുഭവിക്കുന്ന അവസ്ഥ സംജാതമാവാൻ പാടില്ല.

(17) ഏതെങ്കിലും കടക്കാരന്, കടാശ്വാസതുകയ്ക്കു പുറമെ വരുന്ന ബാക്കി സംഖ്യ ഉടനടി കൊടുത്തു തീർത്ത് അക്കൗണ്ട് ക്ലോസ് ചെയ്യാൻ കഴിയാതെ വന്നാൽ, കടക്കാരനും വായ്പ നൽകിയ സ്ഥാപനത്തിനും സ്വീകാര്യമായ ന്യായവും ലളിതവുമായ തവണ സംഖ്യയും കാലയളവും നിശ്ചയിച്ച് അവശേഷിക്കുന്ന കടം അടച്ചുതീർക്കാൻ അവസരം നൽകേണ്ടതാണ്.

(18) അപേക്ഷയിൽ ഭാര്യയും ഭർത്താവും ചേർന്ന് സംയുക്തമായി കടാശ്വാസത്തിന് ഒരപേക്ഷയാണ് നൽകിയിട്ടുള്ളതെങ്കിൽ അവരുടെ മൊത്തം ബാദ്ധ്യത ഒരു യൂണിറ്റിലുള്ളതായി കണക്കാക്കി അനുവദനീയമായ കടാശ്വാസത്തുകയ്ക്കുള്ളിൽ പ്രത്യക്ഷത്തിൽ തന്നെ കൊണ്ടുവരാൻ കഴിയും. എന്നാൽ ഭാര്യയും ഭർത്താവും പ്രത്യേകം പ്രത്യേകം അപേക്ഷ നൽകിയിട്ടുള്ള സന്ദർഭങ്ങളിൽ ഇവരുടെ ബന്ധവും അപേക്ഷകളും തമ്മിലുള്ള ബന്ധവും തിരിച്ചറിയാൻ കഴിയാതെ വന്നിട്ടുണ്ട്. ഇപ്രകാരമുള്ള കടബാദ്ധ്യത സംയോജിപ്പിച്ച് ഒരു യൂണിറ്റായി കണക്കാക്കിയും കടാശ്വാസമായി ഒരു കർഷകന് നൽകാവുന്ന പരമാവധി തുകയിൽ പരിമിതപ്പെടുത്തേണ്ടതാണ്.

(19) കടാശ്വാസത്തിനായി മത്സ്യത്തൊഴിലാളിയായ ഭർത്താവും ടിയാന്റെ ഭാര്യയും വെവ്വേറെ അപേക്ഷ സമർപ്പിച്ച് പ്രത്യേകം പ്രത്യേകം പരിഗണിച്ച് അർഹതപ്പെട്ട കടാശ്വാസത്തിന് ശുപാർശ ചെയ്തിട്ടുണ്ടെങ്കിൽ, അവരെ ഒരു യൂണിറ്റായി പരിഗണിച്ച് പരമാവധി കടാശ്വാസമായി ശുപാർശ ചെയ്തിട്ടുള്ള തുക മാത്രമേ ടിയാന്മാരുടെ അക്കൗണ്ടിൽ വകയിരുത്തപ്പെടുന്നുള്ളുവെന്ന് അവർ ഹാജർ ചെയ്യേണ്ട സത്യവാങ്മൂലത്തിലൂടെ ഉറപ്പാക്കേണ്ടതാണ്.

(20) ഈ റിപ്പോർട്ടിലെ ശുപാർശകൾ നിയമത്തിലെ 2(v)(എ)(i) വകുപ്പിൽ പ്രതിപാദിക്കുന്ന ഒരു ഉത്തമർണ്ണ സ്ഥാപനത്തിനോ, 2(v)(എ)(ii) വകുപ്പിൽ പ്രതിപാദിക്കുന്ന ഒരു സഹകരണസംഘത്തിനോ, 2(v)(സി) വകുപ്പിൽ പ്രതിപാദിക്കുന്ന ഒരു ധനകാര്യസ്ഥാപനത്തിനോ മത്സ്യത്തൊഴിലാളി കൊടുക്കേണ്ടതായിട്ടുള്ള കടത്തിന് മാത്രം ബാധകമാകുന്നതാണ്. പരമാവധി കടാശ്വാസത്തുക ടി സ്ഥാപനങ്ങൾക്ക് കൊടുത്തുതീർക്കേണ്ട കടത്തിനായി വിനിയോഗിക്കേണ്ടതും മത്സ്യത്തൊഴിലാളി സംഘത്തിനോ മത്സ്യഫെഡിനോ കൊടുക്കേണ്ട തുകയുമായോ ടി കടങ്ങൾക്ക് അനുവദിച്ചതും അനുവദിക്കേണ്ടതുമായ കടാശ്വാസവുമായോ ബന്ധപ്പെടുത്തുവാൻ പാടില്ലാത്തതുമാണ്.

(21) ഈ റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം കടാശ്വാസം അനുവദിക്കുമ്പോൾ സഹകരണ ബാങ്കുകൾക്ക് പൊതു ഖജനാവിൽ നിന്നും നൽകേണ്ടി വരുന്ന തുക നാല് ഗഡുക്കളായി സർക്കാരിന് കൊടുത്തു തീർക്കാവുന്നതാണ്. ഇതിൽ ആദ്യത്തെ ഗഡു കഴിയുന്നത്രവേഗം നൽകേണ്ടതും രണ്ടാമത്തെ ഗഡു 31-3-2011-ന് മുമ്പായി നൽകേണ്ടതും മൂന്നും നാലും ഗഡുക്കൾ യഥാക്രമം 2011-2012, 2012-2013 സാമ്പത്തിക വർഷങ്ങളിലായി നൽകേണ്ടതുമാണ്. സർക്കാർ ഏറ്റെടുക്കുന്ന ബാദ്ധ്യത മേൽ പ്രസ്താവിച്ച പ്രകാരം വീഴ്ച കൂടാതെ കൊടുത്തുതീർക്കുന്നപക്ഷം, ടി സംഖ്യക്ക് പലിശ നൽകേണ്ടതില്ല.

(22) കടാശ്വാസം സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതിന് കമ്മീഷൻ മുമ്പാകെ അപേക്ഷകനോ ബന്ധപ്പെട്ട സ്ഥാപനമോ ഹാജരാക്കിയ തെളിവുകളോ, വസ്തുതകളോ, വാസ്തവവിരുദ്ധമായി പിൽക്കാലത്ത് കാണപ്പെടുകയോ അപ്രകാരം തെറ്റിദ്ധരിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ

കടാശ്വാസത്തിന് കമ്മീഷൻ ആരെയെങ്കിലും ശുപാർശ ചെയ്യുവാൻ ഇടയാക്കിയതായോ ബോദ്ധ്യപ്പെടുന്നപക്ഷം, അപ്രകാരം നൽകപ്പെട്ട കടാശ്വാസ തുകയ്ക്ക്, അതാത് സംഗതിയിൽ ടിയാളോ സ്ഥാപനമോ സർക്കാരിനോട് ബാദ്ധ്യസ്ഥനായിരിക്കുന്നതും, ടിയാളിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ടി തുക ഈടാക്കിയെടുക്കുന്നതിനും മറ്റു നിയമ നടപടികൾ സ്വീകരിക്കുന്നതിനും സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതുമാണ്.

(23) കടക്കാർക്ക് മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾക്കനുസൃതമായി കടാശ്വാസം നൽകേണ്ടതാണ്.

(24) എല്ലാ ജില്ലകളിലെയും കടാശ്വാസത്തിന് അർഹമായതും, ടി നിയമത്തിലെ 2(V) (എ), (സി) എന്നീ വിഭാഗം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതുമായ കടങ്ങൾക്ക് മുകളിൽ പറഞ്ഞിട്ടുള്ള ശുപാർശകൾ ബാധകമാകുന്നതാണ്.

(25) അർഹതപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം എത്തിക്കുന്നതിന് സഹകരണ വകുപ്പിലെയും ഫിഷറീസ് വകുപ്പിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ നേരിട്ടുള്ള ഉത്തരവാദിത്തവും മേൽനോട്ടവും വഹിക്കേണ്ടതാണ്.

2. (ii) <u>എൻ.ബി.സി.എഫ്.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നിവിടങ്ങളിൽ നിന്നുള്ള ഫണ്ടുപയോഗിച്ച് മത്സ്യഫെഡും തനത് ഫണ്ടുപയോഗിച്ച് മത്സ്യത്തൊഴിലാളിവികസന സഹകരണ സംഘങ്ങളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയ വായ്പയിൻമേൽ കടാശ്വാസം അനുവദിക്കുന്നത് സംബന്ധിച്ച ശുപാർശകൾ</u>:

(1) മത്സ്യഫെഡും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളും മത്സ്യത്തൊഴിലാളികളുടെ കടം കണക്കാക്കുമ്പോൾ പലിശയും പിഴപ്പലിശയും പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. അതിനുശേഷം അസ്സൽ മുതലിൽ അവശേഷിക്കുന്ന സംഖ്യ മാത്രം ടിയാന്റെ കടമായി കണക്കാക്കേണ്ടതാണ്.

(2) മത്സ്യത്തൊഴിലാളി സംഘങ്ങളും മത്സ്യഫെഡും നൽകിയ വായ്പകളെ സംബന്ധിച്ച കണക്കുകൾ 15-10-2009-ലെ നിലയിൽ സമർപ്പിക്കാനാണ് ടി സ്ഥാപനങ്ങളോട് കമ്മീഷൻ നിർദ്ദേശിച്ചിരുന്നത്. അപ്രകാരമുള്ള കണക്കുകളെ ഉത്തമ വിശ്വാസത്തിലെടുത്താണ് കടാശ്വാസമായി നൽകേണ്ട സംഖ്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളത്. എന്നാൽ ചില മത്സ്യത്തൊഴിലാളികൾ ടി തീയതിക്ക് ശേഷം തിരിച്ചടവ് നടത്തിയതായി കമ്മീഷന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. ആയതിനാൽ അസ്സൽ മുതൽ സംഖ്യയുടെ സത്യാവസ്ഥ പരിശോധിക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശികയായുള്ള അസ്സൽ മുതലിലെ ബാക്കി നിൽപ്പുള്ള സംഖ്യ മാത്രം ഋണബാദ്ധ്യതയായി സർക്കാർ ഏറ്റെടുത്ത് പ്രസ്തുത വായ്പകൾ വാങ്ങിയിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് പൂർണ്ണമായ കടാശ്വാസം അനുവദിക്കേണ്ടതുമാണ്.

(3) മത്സ്യഫെഡും സംഘങ്ങളും അപേക്ഷകരും കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ കണക്കുകളെ ഉത്തമ വിശ്വാസത്തിൽ ആശ്രയിച്ചാണ് കമ്മീഷൻ അർഹത സംബന്ധിച്ച പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അപേക്ഷകളിലും വായ്പ നൽകിയ സ്ഥാപനങ്ങളിൽ നിന്നുള്ള സ്റ്റേറ്റ്മെന്റിലും അസ്സൽ വായ്പ സംഖ്യ, തിരിച്ചടയ്ക്കാനുള്ള തുക, ലോൺ എടുത്ത വർഷം എന്നിവയിൽ വ്യത്യാസമുള്ളതായി രേഖകൾ പരിശോധിച്ചപ്പോൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ആയതിനാൽ കടാശ്വാസ തുക കടക്കാരന്റെ പേരിലുള്ള അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനു മുമ്പായി, ടി അക്കൗണ്ടിലെ അസ്സൽ മുതൽ, കൃത്യമായും സത്യമായും തയ്യാറാക്കിയതാണെന്നും അതിൽ പലിശ മുതലായവ കൂട്ടിച്ചേർത്തിട്ടില്ലെന്നും ഫിഷറീസ് വകുപ്പിലെയും മത്സ്യഫെഡിലെയും ഉദ്യോഗസ്ഥരുടെ സംയുക്ത മേൽനോട്ടത്തിൽ ഉറപ്പു വരുത്തേണ്ടതാണ്. അർഹതപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം എത്തിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ നേരിട്ടുള്ള ഉത്തരവാദിത്വവും മേൽനോട്ടവും വഹിക്കേണ്ടതാണ്.

(4) വായ്പാ അക്കൗണ്ട് പരിശോധിക്കുന്ന ദിവസത്തിൽ, അസ്സൽ മുതലിൽ കുടിശ്ശികയായി ബാക്കി നിൽപ്പുള്ള സംഖ്യമാത്രം കണക്കാക്കി കടാശ്വാസ തുക നിശ്ചയിക്കുമെന്നതിനാൽ ഈ ശുപാർശപ്രകാരം, ഓരോ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളെ സംബന്ധിക്കുന്ന തുക അസ്സൽ മുതലിൽ അവശേഷിക്കുന്ന സംഖ്യയുടെ പകുതി വരുന്ന തുക അടിയന്തിരമായി ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി സംഘങ്ങൾക്ക് നൽകി പ്രസ്തുത വായ്പകൾ സർക്കാർ ഏറ്റെടുത്ത് മത്സ്യത്തൊഴിലാളികൾക്ക് പൂർണ്ണമായ കടാശ്വാസം നൽകേണ്ടതാണ്. ശേഷിച്ച പകുതി തുക മേൽ പ്രതിപാദിച്ച പരിശോധനകൾക്ക് ശേഷമാത്രം അനുവദിച്ചാൽ മതിയാകുന്നതാണ്.

(5) അനുവദിച്ച വായ്പയുടെ അസ്സൽ മുതൽ സംഖ്യയും അതിന്റെ പകുതിയും കൂടിച്ചേർന്ന് വരുന്ന തുകയെങ്കിലും (അതായത് അസ്സൽ മുതൽ സംഖ്യയുടെ ഒന്നര ഇരട്ടിയെങ്കിലും) പലിശ മുതലായവ ഉൾപ്പെടെ ഒരു മത്സ്യത്തൊഴിലാളി തിരിച്ചടച്ചിട്ടുണ്ടെങ്കിൽ, ടിയാൻ വായ്പ പൂർണ്ണമായും അടച്ചു തീർത്തതായി കണക്കാക്കി ബന്ധപ്പെട്ട സംഘം അക്കൗണ്ട് ക്ലോസ് ചെയ്ത് വായ്പക്കാരനെ ഋണവിമുക്തനാക്കേണ്ടതാണ്. ഇപ്രകാരമുള്ള വായ്പകൾക്ക് സർക്കാർ യാതൊരു സംഖ്യയും സംഘങ്ങൾക്ക് നൽകേണ്ടതില്ല.

(6) മേൽഖണ്ഡികകളിൽ എന്തുതന്നെ പറഞ്ഞിരുന്നാലും, മത്സ്യത്തൊഴിലാളികൾ 1995 ഡിസംബർ 31 വരെ എടുത്തിട്ടുള്ള വായ്പാതുകയിൽ 50% (അൻപത് ശതമാനം) എങ്കിലുമോ, 1996 ജനുവരി 1 മുതൽ 2000 ഡിസംബർ 31 വരെ എടുത്തിട്ടുള്ള തുകയിൽ 75% (എഴുപത്തിയഞ്ച് ശതമാനം) എങ്കിലുമോ തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ടി ബാധ്യതകളിൽ നിന്നും കടക്കാരെ ക്ഷേമ സംഘങ്ങൾ പൂർണ്ണമായും ഒഴിവാക്കി അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

(7) ഈ റിപ്പോർട്ടിന്റെ ആനുകൂല്യം ലഭിക്കുന്ന മത്സ്യത്തൊഴിലാളികളിൽ നല്ലൊരു വിഭാഗം തീരദേശത്തെ സുനാമി ബാധിത പ്രദേശങ്ങളിൽ താമസിക്കുന്നവരാണ്. ടി മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ കടം എഴുതി തള്ളുന്നതിന് TRP പ്രകാരം സർക്കാർ [illegible] അനുവദിച്ചിട്ടുള്ള ഫണ്ട് കൂടി വിനിയോഗിക്കാവുന്നതാണ്.

(8) മത്സ്യഫെഡിനും മത്സ്യത്തൊഴിലാളി വികസന ക്ഷേമ സംഘത്തിനും കടാശ്വാസ തുകയുടെ ആദ്യ ഗഡു ലഭിച്ച ഉടൻ തന്നെ ഈ ശുപാർശയിൽ ഉൾപ്പെട്ട കടത്തിനായി, മത്സ്യത്തൊഴിലാളികൾ നൽകിയ ആധാരങ്ങളും പ്രമാണങ്ങളും ബന്ധപ്പെട്ടവർക്ക് മടക്കി നൽകുന്നതിനും ടി സംഘങ്ങൾ തിരികെ കൊടുക്കുന്നത് ഉറപ്പുവരുത്തേണ്ടതാണ്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ സർക്കാർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(9) കടാശ്വാസത്തിന് അർഹതപ്പെട്ട എല്ലാ അപേക്ഷകരെയും ടി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

(10) കടക്കാർക്ക് മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾക്കനുസൃതമായി കടാശ്വാസം നൽകേണ്ടതാണ്.

(11) മേൽപ്രകാരം അനുവദിക്കുന്ന കടാശ്വാസ തുക ശുപാർശ ചെയ്യപ്പെട്ട വ്യക്തിയുടെ ബന്ധപ്പെട്ട അക്കൗണ്ടിൽ വകയിരുത്തേണ്ടതാണ്.

(12) കമ്മീഷന്റെ ശുപാർശകൾ സ്വീകരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിനനുസൃതമായി മാത്രമേ സംഘങ്ങൾ പ്രവർത്തിക്കുവാൻ പാടുള്ളൂ. ഇതിന് വിപരീതമായി പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് കടാശ്വാസ തുകയുടെ ഗഡുക്കൾ നിഷേധിക്കുവാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(13) കടാശ്വാസം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് കമ്മീഷൻ മുമ്പാകെ അപേക്ഷകനോ മത്സ്യഫെഡോ ബന്ധപ്പെട്ട സംഘമോ ഹാജരാക്കിയ തെളിവുകളോ, വസ്തുതകളോ, വാസ്തവവിരുദ്ധമായി പിന്നീട് കാണപ്പെടുകയോ അപ്രകാരം തെളിയിക്കപ്പെടുകയോ ചെയ്താൽ അടിസ്ഥാനത്തിൽ കടാശ്വാസത്തിന് കമ്മീഷൻ ശുപാർശ ചെയ്യുവാൻ ഇടയാക്കിയതാണെന്ന് ബോധ്യപ്പെടുന്നപക്ഷം, അപ്രകാരം നൽകപ്പെട്ട കടാശ്വാസ തുകയ്ക്ക്, [illegible] ബന്ധപ്പെട്ട [illegible] നിന്നോ ടി തുക ഈടാക്കുന്നതിനും മറ്റ് നിയമനടപടികൾ സ്വീകരിക്കുന്നതിനും സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

3. മത്സ്യഫെഡ് വഴി എൻ.സി.ഡി.സി., എൻ.എം.ഡി.എഫ്.സി. വായ്പകളും മത്സ്യത്തൊഴിലാളി സംഘങ്ങളുടെ സ്വന്തം ഫണ്ടിൽ നിന്നുള്ള വായ്പകളും എടുത്തവരിൽ നിന്ന് കമ്മീഷന് ലഭിച്ച 10879 അപേക്ഷകളിൽ 1004 അപേക്ഷകളിൽ 12,44,83,326 രൂപ മുതൽ സംഖ്യയും 4,38,40,007 രൂപ പലിശ സംഖ്യയും 1,05,56,007 രൂപ പിഴപ്പലിശ സംഖ്യയും ഉൾപ്പെടെ 18,36,79,3[illegible] രൂപയുടെ ആകെ കടമുണ്ടെന്ന് കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്. [illegible] സർക്കാർ സംഘം നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 2008 [illegible] വായ്പ [illegible] അപേക്ഷകരായി [illegible] കടാശ്വാസത്തിന് അർഹതയുള്ളവരായി കണക്കാക്കപ്പെടുന്ന 38000-ത്തോളം പേരുടെ വായ്പകൾ എഴുതിത്തള്ളുന്ന കാര്യവും കമ്മീഷന്റെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

4. മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചതിനെ തുടർന്ന് മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നത് സംബന്ധിച്ച് താഴെപ്പറയുംപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ മുൻഖണ്ഡിക 2(i) & 2(ii) എന്നിവയിൽ പറയുന്ന ശുപാർശകൾ ഈ ഉത്തരവിലെ [illegible] പരാമർശിച്ചിട്ടുള്ള വ്യതിയാനങ്ങളോടെ വിശദമായി അംഗീകരിക്കുന്നു.

(ii) 1969-ലെ സഹകരണ സംഘം നിയമപ്രകാരം പ്രവർത്തിക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങൾ, സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്ന് വായ്പയെടുത്തിട്ടുള്ളവർക്ക് താഴെപ്പറയുന്ന രീതിയിൽ കടാശ്വാസം അനുവദിക്കുന്നു:

(എ) 1995 ഡിസംബർ 31 വരെ മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങളിൽ മുതലും പലിശയുമായി 100% തുകയെങ്കിലും തിരികെ അടച്ച മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടുകൾ ബന്ധപ്പെട്ട ബാങ്കുകൾ ക്ലോസ് ചെയ്ത ശേഷം അവശേഷിക്കുന്ന കടങ്ങൾക്ക് കടാശ്വാസം നൽകുന്നതിന് 12 കോടി രൂപ.

(ബി) 1996 ജനുവരി 1 മുതൽ 2000 ഡിസംബർ 31-വരെ എടുത്തിട്ടുള്ള കടങ്ങളിൽ മുതലും പലിശയുമായി 75% തുകയെങ്കിലും തിരികെ അടച്ച മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടുകൾ ബന്ധപ്പെട്ട ബാങ്കുകൾ ക്ലോസ് ചെയ്ത ശേഷം അവശേഷിക്കുന്ന കടങ്ങൾക്ക് കടാശ്വാസം അനുവദിക്കുന്നതിന് 11.25 കോടി രൂപ.

(സി) 2001 ജനുവരി 1-മുതലുള്ള വായ്പകളിൽ അടച്ചത് മുതലിന് തുല്യമായ സംഖ്യയോ അതിൽ, മുതലിന്റെ 50%-ത്തിലെങ്കിലും അധികം തുകയും തിരികെ അടച്ച മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടുകൾ ബന്ധപ്പെട്ട ബാങ്കുകൾ ക്ലോസ് ചെയ്തശേഷം അവശേഷിക്കുന്ന കടങ്ങൾക്ക് കടാശ്വാസം അനുവദിക്കുന്നതിന് [illegible] കോടി രൂപ.

(ഡി) മുൻ ഖണ്ഡിക 3(i)-ലെ [illegible] പറയുന്ന ശുപാർശയിൽ [illegible] 2001 മുതൽ 2007 വരെയുള്ള കടങ്ങൾ 31-12-2008-ലെ നിലയിൽ [illegible] ബാക്കി സംഖ്യയായ 78.9 കോടി രൂപയുടെ 25% വരുന്ന തുക പലിശയിനത്തിൽ സഹകരണബാങ്കുകൾക്ക് നൽകുന്നതിന് 20 കോടി രൂപ അനുവദിക്കുന്നു.

(iii) എൻ.സി.ഡി.സി., എൻ.എം.ഡി.എഫ്.സി. എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള [illegible] വായ്പയും, തത്തുല്യ [illegible] മത്സ്യത്തൊഴിലാളി വികസന-ക്ഷേമ സഹകരണ സംഘങ്ങളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയ വായ്പകൾക്ക് താഴെ പറയുന്ന രീതിയിൽ കടാശ്വാസം അനുവദിക്കുന്നു:

(എ) 1995 ഡിസംബർ 31 വരെ എടുത്ത വായ്പകളിൽ വായ്പത്തുകയിലും പലിശയിലും കൂടി വായ്പയുടെ മൊത്തം 50% തിരിച്ചടച്ച മത്സ്യത്തൊഴിലാളികളുടെയും 1996 ജനുവരി 1 മുതൽ 2000 ഡിസംബർ 31-വരെ എടുത്ത വായ്പകളിൽ വായ്പത്തുകയിലും പലിശയിലുംകൂടി മൊത്തം വായ്പയുടെ 75% തുക തിരിച്ചടച്ച മത്സ്യത്തൊഴിലാളികളുടെയും, 2000 ജനുവരി മുതലുള്ള വായ്പകളിൽ വായ്പത്തുകയും അതിന്റെ പകുതി വരുന്ന തുകയും തിരിച്ചടച്ച മത്സ്യത്തൊഴിലാളികളുടേയും അക്കൗണ്ടുകൾ ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി സംഘങ്ങൾ ക്ലോസ് ചെയ്തതിനുശേഷം മേൽപ്പറഞ്ഞ ഗണത്തിൽപ്പെടാതെ അവശേഷിക്കുന്ന കടങ്ങൾക്ക് കടാശ്വാസം നൽകുന്നതിന് 12.44 കോടി രൂപ മത്സ്യഫെഡിനും മത്സ്യത്തൊഴിലാളി വികസന-ക്ഷേമ സഹകരണ സംഘങ്ങൾക്കുമായി അനുവദിക്കുന്നു.

(iv) കടാശ്വാസം നൽകുന്നതിന് ആവശ്യമായ തുകയുടെ ആദ്യഗഡുവായി 100 കോടി രൂപ അനുവദിക്കുന്നു. ബാക്കി തുക 3 ഗഡുക്കളായി നൽകുന്നതാണ്.

(v) കടാശ്വാസത്തിന് ആദ്യ ഗഡുവായി അനുവദിക്കുന്ന 100 കോടി രൂപയിൽ 50 കോടി രൂപ 2010 ഡിസംബറിലും 50 കോടി രൂപ 2011 മാർച്ചിലും അനുവദിക്കുന്നതാണ്.

(vi) ആദ്യ ഗഡു തുക നൽകികഴിഞ്ഞാൽ ഉടൻതന്നെ മത്സ്യത്തൊഴിലാളികൾ നൽകിയ ജാമ്യ രേഖകൾ/പ്രമാണങ്ങൾ എന്നിവ സർക്കാർ ഗ്യാരന്റിയിന്മേൽ ബന്ധപ്പെട്ടവർക്ക് ഒരു മാസത്തിനകം മത്സ്യഫെഡ്/ബന്ധപ്പെട്ട മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങൾ/സഹകരണ സ്ഥാപനങ്ങൾ/സഹകരണ ബാങ്കുകൾ തിരികെ കൊടുക്കേണ്ടതാണ്.

5. സഹകരണ സംഘം നിയമത്തിൻ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾക്ക് ഈ കടാശ്വാസ പദ്ധതി നടപ്പാക്കുമ്പോൾ താഴെപ്പറയുന്ന പൊതുനിബന്ധനകൾ നിഷ്കർഷമായി പാലിക്കപ്പെടുന്നതായിരിക്കും:

(i) അനുവദിക്കപ്പെടുന്ന കടാശ്വാസാനുകൂല്യം ഓരോ വായ്പക്കാരനും കൃത്യമായി കിട്ടുന്നുണ്ടെന്ന് സഹകരണ സംഘം രജിസ്ട്രാർ ഉറപ്പുവരുത്തുന്നതാണ്.

(ii) മുതലും പലിശയുമായി അനുവദിക്കുന്ന തുക മുഴുവൻ, ബാക്കി നിൽപ്പ് ലിസ്റ്റുസഹിതം സഹകരണ സംഘം രജിസ്ട്രാറുടെ അക്കൗണ്ടിൽ ചേർക്കേണ്ടതാണ്. ആവശ്യമായ സൂക്ഷ്മ പരിശോധന നടത്തി സഹകരണ സംഘം രജിസ്ട്രാർ ബാങ്കുകൾക്ക് തുക നൽകുന്നതാണ്. ക്രമക്കേടുകൾ ഇല്ലാതെ നോക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് സഹകരണ സംഘം രജിസ്ട്രാർ ഉറപ്പുവരുത്തും. തുക കുറവുവന്നാൽ

അതുകൂടി നൽകുന്നതാണ്. തുക അധികം വന്നാൽ രജിസ്ട്രാർ അത് അക്കൗണ്ടിൽ സൂക്ഷിച്ച് റിപ്പോർട്ട് ചെയ്യും. ഇക്കാര്യം ജില്ലാടിസ്ഥാനത്തിൽ പരിശോധിക്കുന്നതിന് സഹകരണവകുപ്പിലെ ജോയിന്റ് രജിസ്ട്രാർ, ഫിഷറീസ് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ആർ. ജ്യോതിലാൽ,

*സെക്രട്ടറി*

സെക്രട്ടറി, കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ, നന്തൻകോട്, തിരുവനന്തപുരം-3.
ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
സഹകരണസംഘം രജിസ്ട്രാർ, തിരുവനന്തപുരം-1.
കമ്മീഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ്, പൂങ്കുന്നം, തൃശ്ശൂർ-2
മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്, തിരുവനന്തപുരം-8.
ധനകാര്യവകുപ്പ്.
റവന്യൂ വകുപ്പ്.
പൊതുഭരണ (എസ്.സി.) വകുപ്പ് (..............................................പ്രകാരം).
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
മത്സ്യബന്ധനവും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ധനകാര്യവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
സഹകരണ-കയർ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
സെക്രട്ടറി (ഫിഷറീസ്)യുടെ പി.എ.യ്ക്ക്.
അഡീഷണൽ സെക്രട്ടറി (ഫിഷറീസ്)യുടെ സി.എ.യ്ക്ക്.

## അനുബന്ധം II

സി.ജി(2)60176/09

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 30.6.2012

Email : [illegible]
Website : www co-operation. kerala.gov.in
Tel : No. 0471 2330726

## സർക്കുലർ നമ്പർ 31/2012

വിഷയം: സഹകരണ വകുപ്പ് – മത്സ്യത്തൊഴിലാളി കടാശ്വാസം –സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകൾക്ക് കടാശ്വാസം –പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്

സൂചന:
1) 6–12–2010–ലെ സ.ഉ.(പി) 91/2010 ഫിഷ/നമ്പർ ഉത്തരവ്.
2) സഹകരണസംഘം രജിസ്ട്രാറുടെ 1/2011 നമ്പർ സർക്കുലർ
3) സഹകരണസംഘം രജിസ്ട്രാറുടെ 12/2011 നമ്പർ സർക്കുലർ
4) സഹകരണസംഘം രജിസ്ട്രാറുടെ 68/2011 നമ്പർ സർക്കുലർ
5) 25/04/2012–ൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ.

സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്തിരുന്ന കടങ്ങൾക്ക് കടാശ്വാസം അനുവദിച്ച് സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ടി ഉത്തരവിലെ നിബന്ധനകൾക്ക് അനുസൃതമായി സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സൂചന 2,3,4 സർക്കുലറുകൾ പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഇക്കാര്യത്തിൽ സൂചന (5)–ൽ ചേർന്ന യോഗ തീരുമാനത്തിനനുസൃതമായി ഭേദഗതി വരുത്തി ചുവടെ പരാമർശിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ തയ്യാറാക്കി സമർപ്പിക്കുന്ന ലിസ്റ്റിൽ നിന്നാണ് കടാശ്വാസം അനുവദിക്കേണ്ടത്. കമ്മീഷൻ തയ്യാറാക്കി നൽകുന്ന ലിസ്റ്റ് അന്തിമമായതിനാൽ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ടി ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കടാശ്വാസം അനുവദിക്കേണ്ടതും, യാതൊരു കാരണവശാലും ആയത് പുനഃപരിശോധിക്കാൻ പാടില്ലാത്തതുമാണ്.
2. ഒരു കുടുംബത്തിലെ ഭർത്താവായ മത്സ്യത്തൊഴിലാളിയും, ടിയാന്റെ ഭാര്യയും സംഘങ്ങളിൽ കടക്കാരാണെങ്കിൽ അവർ രണ്ടുപേരെയും കടാശ്വാസ ആനുകൂല്യത്തിനു വേണ്ടി ഒരു യൂണിറ്റായി കണക്കാക്കേണ്ടതും, ടി യൂണിറ്റിന് നൽകുന്ന കടാശ്വാസ തുക ഒരു വ്യക്തിക്ക് അർഹതപ്പെട്ട പരമാവധി കടാശ്വാസ തുകയിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്.

3. ഒരു വ്യക്തിക്കോ/യൂണിറ്റിനോ അനുവദിക്കുന്ന പരമാവധി സർക്കാർ കടാശ്വാസം 75,000/- രൂപയായിരിക്കും.

ടി തുക കണക്കാക്കുന്നതിന് വ്യക്തിക്കോ/യൂണിറ്റിനോ മത്സ്യഫെഡിൽ നിന്നോ മത്സ്യത്തൊഴിലാളി സംഘത്തിൽ നിന്നോ ലഭ്യമായതോ/ലഭ്യമാകാൻ സാധ്യതയുള്ളതോ ആയ കടാശ്വാസം കണക്കാക്കേണ്ടതില്ല.

4. ആനുകൂല്യത്തിന് അർഹത നേടുന്ന കടാശ്വാസ തുക വായ്പക്കാരന്റെ ബന്ധപ്പെട്ട വായ്പാ കണക്കിൽ സംഘം വരവ് വയ്ക്കേണ്ടതാണ്.

5. സംഘങ്ങൾ/ബാങ്കുകൾ ആനുകൂല്യത്തിന് അർഹതയുള്ള വായ്പകളുമായി ബന്ധപ്പെട്ട <u>പലിശയും പിഴപ്പലിശയും പൂർണ്ണമായും ഒഴിവാക്കേണ്ടതും, അസ്സൽ മുതലിൽ ബാക്കിയുള്ള സംഖ്യ മാത്രം</u> വായ്പക്കാരന്റെ കടമായി കണക്കാക്കേണ്ടതുമാണ്.

6. ഒരു മത്സ്യത്തൊഴിലാളിക്ക് അനുവദിച്ച വായ്പയുടെ അസ്സൽ തുകയ്ക്ക് തുല്യമായ സംഖ്യയും അതിനുപുറമെ ടി സംഖ്യയുടെ പകുതിയെങ്കിലും വരുന്ന സംഖ്യയും തിരിച്ചടച്ചിട്ടുണ്ടെങ്കിൽ, <u>ടിയാൻ വായ്പ പൂർണ്ണമായും അടച്ചുതീർത്തതായി കണക്കാക്കി ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്ക് അക്കൗണ്ട് അവസാനിപ്പിച്ച് വായ്പക്കാരനെ ഋണവിമുക്തനാക്കേണ്ടതാണ്.</u>

7. സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും <u>31-12-1995</u> വരെ മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങളിൽ മുതലും, പലിശയുമായി 50% തുകയെങ്കിലും തിരികെ അടച്ച അക്കൗണ്ടുകൾ ബന്ധപ്പെട്ട സംഘങ്ങൾ/ബാങ്കുകൾ അവസാനിപ്പിക്കേണ്ടതും ടി വായ്പകളിൽ കടം അവശേഷിക്കുന്നുണ്ടെങ്കിൽ അവശേഷിക്കുന്ന മുതൽ സംഖ്യയിൽ പരമാവധി കടാശ്വാസ തുക കുറവ് ചെയ്യേണ്ടതും പലിശ, പിഴ പലിശ എന്നിവ പൂർണ്ണമായും ഒഴിവാക്കേണ്ടതുമാണ്.

8. സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും 1-1-1996 മുതൽ 31-12-2000 വരെ മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങളിൽ മുതലും പലിശയുമായി 75% തുകയെങ്കിലും തിരികെ അടച്ച വായ്പാ അക്കൗണ്ടുകൾ ബന്ധപ്പെട്ട സംഘങ്ങൾ/ബാങ്കുകൾ അവസാനിപ്പിക്കേണ്ടതും, പരമാവധി കടാശ്വാസ സംഖ്യ

അവശേഷിക്കുന്ന മുതൽ സംഖ്യയിൽ നിന്ന് തന്നെ കുറവ് ചെയ്യണമെന്നും, പലിശ, പിഴ പലിശ എന്നിവ പൂർണ്ണമായും ഒഴിവാക്കണമെന്നും നിർദ്ദേശിക്കുന്നു.

9. സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും 1-1-2001 മുതലുള്ള വായ്പകളിൽ അസ്സൽ മുതലിന് തുല്യമായ സംഖ്യയും, പുറമെ മുതലിന്റെ 50% എങ്കിലും അധിക തുകയും തിരിച്ചടച്ച മത്സ്യത്തൊഴിലാളികളുടെ വായ്പാ കണക്കുകൾ ബന്ധപ്പെട്ട സംഘങ്ങൾ/ബാങ്കുകൾ അവസാനിപ്പിക്കേണ്ടതും കടാശ്വാസ സംഖ്യ അവശേഷിക്കുന്ന കടങ്ങൾ മുതൽ സംഖ്യയിൽ നിന്ന് തന്നെ കുറവ് ചെയ്യണമെന്നും, പലിശ, പിഴപലിശ എന്നിവ ഒഴിവാക്കേണ്ടതുമാണ്.

10. സഹകരണ സംഘങ്ങൾ/ബാങ്കുകൾ മത്സ്യത്തൊഴിലാളികൾക്ക് 1-1-2001 മുതൽ 31-12-2007 വരെ വിതരണം ചെയ്തിട്ടുള്ള വായ്പകൾക്ക് 31-12-2009-ൽ ബാക്കി നിൽക്കുന്ന പലിശയും പിഴപ്പലിശയും പൂർണ്ണമായി ഒഴിവാക്കി കടാശ്വാസ തുക മുഴുവനും കടമായി അവശേഷിക്കുന്ന മുതൽ സംഖ്യയിൽ വരവ് വെയ്ക്കേണ്ടതാണ്.

ബാക്കി നിൽക്കുന്ന പലിശ തുകയുടെ 25% വരുന്ന തുക സർക്കാരിൽ നിന്നും സഹകരണ സംഘങ്ങൾ പ്രത്യേകം ക്ലെയിം ചെയ്യേണ്ടതാണ്. ഇതിനെ സംബന്ധിച്ച നിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

11. കേന്ദ്ര/സംസ്ഥാന സർക്കാരുകൾ നടപ്പാക്കിയ മറ്റേതെങ്കിലും കടാശ്വാസ പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച കടങ്ങൾക്ക് തത്തുല്യമായ തുകയ്ക്ക് മത്സ്യത്തൊഴിലാളി കടാശ്വാസ ആനുകൂല്യം അനുവദിക്കേണ്ടതില്ല. ഒരു കടാശ്വാസ പദ്ധതികളുടെ ആനുകൂല്യം ലഭിച്ചിട്ടില്ലാത്ത കടങ്ങൾ ടി വസ്തുത ഒരു സത്യവാങ്മൂലം മുഖേന വായ്പാ സ്ഥാപനത്തെ ബോധ്യപ്പെടുത്തേണ്ടതാണ്.

12. ഒന്നിൽ കൂടുതൽ വായ്പകളെടുത്തിട്ടുള്ളവരുടെ കാര്യത്തിൽ വായ്പ അനുവദിച്ച തീയതികളുടെ മുൻഗണനാക്രമത്തിൽ അതാത് സഹകരണ സ്ഥാപനങ്ങളുടെ ബന്ധപ്പെട്ട അക്കൗണ്ടിൽ കടാശ്വാസ തുക വകയിരുത്തേണ്ടതാണ്. ഒരേ തീയതിയിൽ ഒരു വ്യക്തി ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളിൽ നിന്നും കടാശ്വാസത്തിന് അർഹതപ്പെട്ട വായ്പ എടുത്തിട്ടുണ്ടെങ്കിൽ, ബാധ്യതകളിൽ ഏത് വായ്പക്കാണ് മുൻഗണന നൽകേണ്ടതെന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം വായ്പക്കാരനുണ്ടായിരിക്കും.

13 പരമാവധി കടാശ്വാസ തുക ലഭ്യമാക്കിയിട്ടും, കടത്തിൽ നിന്നും പൂർണ്ണമായ മോചനം കിട്ടാത്തവർക്ക്, അവശേഷിക്കുന്ന കടം വീട്ടുന്നതിന് കടാശ്വാസ തുക വകയിരുത്തുന്ന തീയതി മുതൽ 12 ഗഡുക്കൾ അനുവദിക്കേണ്ടതാണ്.

14 കടാശ്വാസ ആനുകൂല്യത്തിനായി തയ്യാറാക്കിയിട്ടുള്ളതും, പരിശോധനയ്ക്കായി ഈ കാര്യാലയത്തിൽ നിന്നും നൽകിയിട്ടുള്ളതുമായ ആനുകൂല്യ പട്ടികയിൽ കടക്കാരന്റെ പേരിലുള്ള വായ്പയുമായി ബന്ധപ്പെട്ട അസ്സൽ മുതൽ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളുവെന്ന് ബന്ധപ്പെട്ട സഹകരണ സംഘവും/ബാങ്കും, വകുപ്പ് ഉദ്യോഗസ്ഥരും ഉറപ്പ് വരുത്തേണ്ടതുമാണ്.

15 കടാശ്വാസമായി ലഭ്യമാകുന്ന തുക വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് മതിയാവുമെങ്കിൽ വായ്പാ കണക്ക് അവസാനിപ്പിച്ച വിവരം ബന്ധപ്പെട്ട സംഘം/ബാങ്ക് വായ്പക്കാരനെ അറിയിക്കേണ്ടതാണ്.

16 കടാശ്വാസമായി അനുവദിക്കുന്ന തുകയ്ക്ക് പുറമെ വായ്പാകണക്ക് അവസാനിപ്പിക്കുന്നതിന് തുക ആവശ്യമാണെങ്കിൽ അവശേഷിക്കുന്ന തുക അടച്ച് വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യം വായ്പക്കാരന് ഉണ്ടായിരിക്കുന്നതും, ഇപ്രകാരം വായ്പാ കണക്ക് അവസാനിപ്പിക്കുമ്പോൾ ഈടിനങ്ങളായി വായ്പക്കാരൻ കൊടുത്തു തീർക്കേണ്ട അസ്സൽ തുകയ്ക്ക് ബന്ധപ്പെട്ട സംഘം/ബാങ്ക് പലിശ ഈടാക്കാൻ പാടില്ലാത്തതുമാണ്.

17 കടാശ്വാസമായി സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് ലഭ്യമാകേണ്ട തുകയുടെ ആദ്യ ഗഡു ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട സംഘങ്ങൾ/ബാങ്കുകൾ മത്സ്യത്തൊഴിലാളികൾ നൽകിയ ഈട് രേഖകൾ/പ്രമാണങ്ങൾ എന്നിവ ബന്ധപ്പെട്ടവർക്ക് ഒരുമാസത്തിനകം തിരികെ നൽകേണ്ടതാണ്.

18 സംഘങ്ങൾ/ബാങ്കുകൾ ടി ആനുകൂല്യത്തിനായി തയ്യാറാക്കിയിട്ടുള്ള പട്ടികകൾ പരിശോധിച്ച് അർഹത ഉറപ്പ് വരുത്തുന്നതിന് ജോയിന്റ് രജിസ്ട്രാർ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും ഇക്കാര്യത്തിൽ ആവശ്യമാണെങ്കിൽ അർഹത ഉറപ്പുവരുത്തുന്നതിന് ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടറുമായി (ഫിഷറീസ്) ബന്ധപ്പെട്ട് ഉറപ്പ് വരുത്തേണ്ടതാണെന്നും ഋണബാധ്യത മൂലം ദുരിതം അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിന് ഉദ്ദേശിച്ച് നിയമസഭ പാസാക്കിയ 2008–ലെ

കേരള മത്സ്യ തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം രൂപീകൃതമായ കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്ന പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുകയും മത്സ്യത്തൊഴിലാളികളുടെ കടങ്ങളിലുള്ള മൊറട്ടോറിയം ഉടനടി കർശനമായി നടപ്പിലാക്കുവാനും നിർദ്ദേശം നൽകുന്നു.

ടി നിർദ്ദേശം എല്ലാ സഹകരണ സംഘങ്ങളുടെയും/ബാങ്കുകളുടെയും, വകുപ്പ് തല ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ്.

ഒപ്പ്
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)